## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3012** 20.06.2014- ലെ മറുപടിക്ക്

### 11, 12 പഞ്ചവത്സര പദ്ധതികൾക്ക് അനുവദിച്ച അടങ്കൽ തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. വി. റ്റി. ബൽറാം: | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | 12-ാം പഞ്ചവൽസര പദ്ധതിക്ക് എത്ര കോടി രൂപയാണ് അടങ്കൽ തുകയായി അംഗീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | 12-ാം പഞ്ചവൽസര പദ്ധതിക്ക് 1,02,000 കോടി രൂപയാണ് അടങ്കലായി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | 11-ാം പഞ്ചവൽസര പദ്ധതിയെക്കാൾ എത്ര ശതമാനം വർദ്ധനവാണ് 12-ാം പഞ്ചവൽസര പദ്ധതിയിൽ വരുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 11-ാം പഞ്ചവൽസര പദ്ധതിയെക്കാൾ 152.34 ശതമാനം വർദ്ധനവാണ് 12-ാം പഞ്ചവൽസര പദ്ധതിയിൽ വരുത്തിയത്. 11-ാം പദ്ധതിയിൽ 40,422 കോടി രൂപയായിരുന്നു അടങ്കൽ തുക. പന്ത്രണ്ടാം പദ്ധതിയിൽ അടങ്കൽ തുക 1,02,000 കോടി രൂപയായി വർദ്ധനവ് വരുത്തി. |
| (സി) | 12-ാം പഞ്ചവൽസര പദ്ധതി നടപ്പാക്കുന്നതിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ സർക്കാർ വരുത്തിയതെന്ന് വിശദമാക്കുമോ; | (സി) | 12-ാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി സമീപനരേഖ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 47 കർമ്മ സമിതികൾക്ക് രൂപം നൽകുകയും കർമ്മ സമിതികളുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

(ഡി) പരിഷ്കാരങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

(ഡി)

1. ഉല്പാദന മേഖലയിലോ സേവനമേഖലയിലോ, ഏറ്റവും കൂടുതലോ കുറവോ പദ്ധതി വിഹിതം എത്രയായിരിക്കണമെന്ന് നിബന്ധനകളില്ല.
2. ഒരോ പ്രോജക്ടുകളും വെവ്വേറെ അംഗീകരിക്കുന്നതിനു പകരം തദ്ദേശ സ്ഥാപനങ്ങളുടെ വാർഷികപദ്ധതിരേഖ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചാൽ മതിയാകും.
3. പ്രോജക്ടുകൾക്ക് സാങ്കേതിക ഉപദേശക സമിതി (ടി.എ.ജി) അംഗീകാരത്തിനു പകരം നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തൊട്ടുമുകൾ തലത്തിലെ ഉദ്യോഗസ്ഥനു നല്കി സാങ്കേതികാനുമതി നേടാവുന്നതാണ്.
4. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനും എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.